**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6193** **09-07-2024 - ൽ മറുപടിയ്ക്ക്**

**ചരക്ക് - യാത്രാ കപ്പൽ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ വിവിധ തുറമുഖങ്ങളിൽ നിന്നും ലക്ഷദ്വീപ്, ഗോവ, മാംഗളൂർ എന്നിവിടങ്ങളിലേക്ക് ചരക്ക്, യാത്രാ കപ്പൽ സർവ്വീസ് എന്നിവ ആരംഭിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിന്റെ വിവിധ തുറമുഖങ്ങളിൽ നിന്നും ലക്ഷദ്വീപ്, ഗോവ, മാംഗ്ലൂർ എന്നിവിടങ്ങളിലേയ്ക്ക് ചരക്ക്-യാത്രാ കപ്പൽ സർവീസ് കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ ചരക്കു കപ്പലുകൾ സർവ്വീസ് നടത്തുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ ചരക്കു-യാത്രാ കപ്പൽ സർവ്വീസിൽ താൽപ്പര്യമുള്ള സ്വകാര്യ കമ്പനികളെ പ്രോൽസാഹിപ്പിക്കുന്ന നടപടികൾ കേരളാ മാരിടൈം ബോർഡ് സ്വീകരിച്ചു വരുന്നു. കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളെയും അയൽ സംസ്ഥാന തുറമുഖങ്ങളെയും ബന്ധിപ്പിച്ചു കൊണ്ട് ക്രൂയിസ് ഷിപ്പിംഗ് നടത്താൻ സ്വകാര്യ കമ്പനികളെ ക്ഷണിച്ചുകൊണ്ട് കേരള മാരിടൈം ബോർഡ് താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. കമ്പനികൾ മുന്നോട്ടു വരുന്നത് അടിസ്ഥാനമാക്കി മാത്രമേ കമ്പനികളുടെ നടത്തിപ്പ് സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |
| (ബി) | എങ്കിൽ പ്രസ്തുത സർവീസുകൾ എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തിന്റെ വിവിധ തുറമുഖങ്ങളിൽ നിന്നും ലക്ഷദ്വീപ്, ഗോവ, മാംഗ്ലൂർ എന്നിവിടങ്ങളിലേയ്ക്ക് ചരക്ക്-യാത്രാ കപ്പൽ സർവീസ് കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ ചരക്കു കപ്പലുകൾ സർവ്വീസ് നടത്തുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ ചരക്കു-യാത്രാ കപ്പൽ സർവ്വീസിൽ താൽപ്പര്യമുള്ള സ്വകാര്യ കമ്പനികളെ പ്രോൽസാഹിപ്പിക്കുന്ന നടപടികൾ കേരളാ മാരിടൈം ബോർഡ് സ്വീകരിച്ചു വരുന്നു. കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളെയും അയൽ സംസ്ഥാന തുറമുഖങ്ങളെയും ബന്ധിപ്പിച്ചു കൊണ്ട് ക്രൂയിസ് ഷിപ്പിംഗ് നടത്താൻ സ്വകാര്യ കമ്പനികളെ ക്ഷണിച്ചുകൊണ്ട് കേരള മാരിടൈം |

| | | | |
|---|---|---|---|
| | | | ബോർഡ് താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. കമ്പനികൾ മുന്നോട്ടു വരുന്നത് അടിസ്ഥാനമാക്കി മാത്രമേ കമ്പനികളുടെ നടത്തിപ്പ് സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ